**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4812** **11-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തിരികെ എത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് നിലവിൽ നൽകി വരുന്ന ഇളവുകൾ എന്താണെന്നും കൂടുതൽ ഇളവുകൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തിരികെ എത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ്(NDPREM). 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. ബാങ്കുകളുടേയും അപേക്ഷകരുടേയും ആവശ്യകത അനുസരിച്ച് പ്രായോഗികത ഉള്ള ഒരു പദ്ധതി ആരംഭിക്കുന്നതിന് ഏകദേശം 30 ലക്ഷം രൂപ വരെയുള്ള പദ്ധതി ചെലവ് വരുമെന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതിയുടെ മൂലധന ചെലവ് 30 ലക്ഷം രൂപ വരെ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി അനുവദിക്കുന്നതിനുള്ള ലോക്ക് ഇൻ പീരിയഡ് മൂന്നു വർഷമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനും കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) | സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനും ഉള്ള സഹായം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്(സി.എം.ഡി) വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ സംരംഭകത്വ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേക്കാവശ്യമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ നോർക്ക റൂട്ട്സ്, സി.എം.ഡി മുഖാന്തിരം എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പു വയ്ക്കുകയും ഏകദേശം 5642ശാഖകളിലായി വായ്പ ലഭ്യത വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങൾക്കുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി ( പ്രവാസി - ഭദ്രത). കോവിഡ് - 19 മഹാമാരിയെത്തുടർന്ന് ലോകവ്യാപകമായി സൃഷ്ടിച്ച പ്രതിസന്ധി, പ്രവാസികേരളീയരുടെ തൊഴിലിനെയും തൊഴിൽ സാദ്ധ്യതകളെയും ബാധിക്കുകയും നിരവധി പ്രവാസി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരിച്ചെത്തിയവരെയും, വിദേശങ്ങളിൽ തൊഴിൽചെയ്ത് മടങ്ങി എത്തുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും 2021-22 ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ പൊതുമേഖലാ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, കെ.എസ്.ഐ.ഡി.സി. എന്നിവ വഴി പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയായ പ്രവാസി ഭദ്രതയുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുന്നു. 1) നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം. കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന പലിശരഹിത വായ്പാ പദ്ധതിയാണ് നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകൾ ഇതിലൂടെ ലഭിക്കുന്നു. 2) മൈക്രോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം. ഷെഡ്യൂൾ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള സംരംഭകത്വ വായ്പകൾക്ക് ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും നിശ്ചിത ശതമാനം പലിശ സബ്സിഡിയും ഇതിലൂടെ നൽകുന്നു. 3) മെഗാ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (കെ.എസ്.ഐ.ഡി.സി മുഖേന). 25 ലക്ഷം രൂപ മുതൽ 2 കോടി വരെയുള്ള സംരംഭങ്ങൾക്ക് നിശ്ചിത ശതമാനം പലിശ സബ്സിഡി ഇതിലൂടെ നൽകുന്നു. |

സെക്ഷൻ ഓഫീസർ